## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - 2017-18 വാർഷിക പദ്ധതിയിലെ 124/17 പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ അഫിലിയേറ്റ് ചെയ്ത സ്പോർട്സ് ക്ളബ്ബുകൾക്ക് കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3812/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 27/11/2017

---

പരാമർശം:- തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/10/2017 ലെ A5/5896/17 നമ്പർ കത്ത്.

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ 124/17 പ്രോജക്റ്റ് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ അഫിലിയേറ്റ് ചെയ്ത സ്പോർട്സ് ക്ളബ്ബുകൾക്ക് കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 3,00,000/- രൂപ അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ 124/17 പ്രോജക്റ്റ് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ അഫിലിയേറ്റ് ചെയ്ത സ്പോർട്സ് ക്ളബ്ബുകൾക്ക് കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ഭക്ഷണം, പരിശീലനം എന്നീ ഇനങ്ങളിൽ ചെലവഴിക്കുന്നതിനായി 3,00,000/- (മൂന്ന് ലക്ഷം) രൂപ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/ സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് - 673603
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ